**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി. പട്ടികവർഗ ഫണ്ട് തട്ടിപ്പിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി. പട്ടികവർഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നില്ല. ശ്രദ്ധയിൽപ്പെടുന്ന വിഷയങ്ങളിൻമേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | മലപ്പുറത്ത് നടന്ന പട്ടികജാതി ഭവന ഫണ്ട് തട്ടിപ്പിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (ബി) | മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 2017-18 മുതൽ 2020-21 വരെ നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വകുപ്പിലെ ടീം ഈ വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിനോടൊപ്പം ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻ ജോലി ചെയ്തിരുന്ന മറ്റ് ബ്ലോക്കുകളിലും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമായ അന്വേഷണം നടത്തുന്നതിന് വകുപ്പിന്റെ ഓഡിറ്റ് വിഭാഗത്തിലുള്ള മൂന്ന് ടീമുകളെയും സംയുക്തമായ ഓഡിറ്റ് പരിശോധനയ്ക്കായി ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഓഡിറ്റ് വിഭാഗം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുവേണ്ടി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ |

സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തിരമായി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതാണ്.

ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻ സ്പേയ്സ് എന്ന ഐ.റ്റി.അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.

പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ഓഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ്

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുവേണ്ടി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തിരമായി നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതാണ്.<br><br>ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻ സ്പേയ്സ് എന്ന ഐ.റ്റി.അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br><br>ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.<br><br>പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ഓഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ